## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 47 04.02.2013-ൽ മറുപടിയ്ക്ക്

## പണിമുടക്കിനോടനുബന്ധിച്ച് സസ്പെൻഷനിലായവരെ തിരിച്ചെടുക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ എം.എൽ.എ | | ശ്രീ. ഉമ്മൻചാണ്ടി ( മുഖ്യമന്ത്രി) |
| (എ) 2013 ജനുവരി 8-ാം തീയതി ആരംഭിച്ച സർക്കാർ ജീവനക്കാരുടെ പണിമുടക്കം മുഖ്യമന്ത്രിയുമായുണ്ടായ ചർച്ചയെ തുടർന്ന് അവസാനിച്ചപ്പോൾ ഉണ്ടായ ഉറപ്പുകൾക്ക് വിരുദ്ധമായി പണിമുടക്കിയ ജീവനക്കാരിൽ പലരെയും അവർക്കെതിരെ ക്രിമിനൽ കേസുകളോ മറ്റേതെങ്കിലും കേസുകളോ ഇല്ലാതിരുന്നിട്ടും സസ്പെന്റ് ചെയ്യുകയും സ്ഥലം മാറ്റം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നത് സർക്കാരിന്റെ അനുമതിയോടെയാണോ എന്നു വ്യക്തമാക്കുമോ; | (എ) യും (ബി) യും | 08.01.2013 മുതൽ ഒരുവിഭാഗം സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്കുമായി ബന്ധപ്പെട്ട് ശിക്ഷണനടപടികൾ സ്വീകരിക്കുന്നതു സംബന്ധിച്ച് 19.01.2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 17/13/പൊ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും ഉത്തരവു നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു) |
| (ബി) സസ്പെൻഷനിലുള്ള ജീവനക്കാരെ തിരിച്ചെടുക്കാനും അവർക്കെതിരെ നടത്തുന്ന ട്രാൻസ്ഫർ അടക്കമുള്ള ദ്രോഹ നടപടികൾ അവസാനിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം—8-1-2013 മുതൽ സർക്കാർ ജീവനക്കാരിലും അദ്ധ്യാപകരിലും ഒരു വിഭാഗം നടത്തിയ പണിമുടക്ക്—ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു

## പൊതുഭരണ (എസ്.എസ്.) വകുപ്പ്

**സർക്കാർ ഉത്തരവ് (പി) നമ്പർ 17/13/പൊ.ഭ.വ. തിരുവനന്തപുരം, 2013 ജനുവരി 19.**

വായിച്ചു:—ജി. ഒ. (പി) നമ്പർ 385/2012/പൊ.ഭ.വ. തീയതി 26-12-2012.

## ഉത്തരവ്

8-1-2013 മുതൽ സർക്കാർ ജീവനക്കാരിലും അദ്ധ്യാപകരിലും ഒരു വിഭാഗം നടത്തിയ പണിമുടക്ക് നേരിടുന്നതുമായി ബന്ധപ്പെട്ട് മേൽ സർക്കാർ ഉത്തരവിന് തുടർച്ചയായി ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു:

(എ) പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാർക്കെതിരെ സമരം ചെയ്തു എന്ന ഒറ്റക്കാരണം കൊണ്ടുമാത്രം ശിക്ഷണ, ക്രിമിനൽ നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുന്നതാണ്. എന്നാൽ അക്രമം കാണിക്കുകയും കരി ഓയിൽ മുതലായവ ഒഴിക്കുകയും, ഓഫീസ് മുറി പൂട്ടിയിട്ട് മറ്റു ജീവനക്കാരെ ഓഫീസിൽ കയറുന്നത് തടസ്സപ്പെടുത്തുകയും ചെയ്തവർക്കെതിരെയുള്ള നടപടികൾ തുടരുന്നതാണ്.

(ബി) കെ. ഇ. ആർ.-ലെ റൂൾ 62 പ്രകാരം സൂപ്പറാനുവേഷനുശേഷം സർവ്വീസിൽ തുടരുന്നവർ, കാഷ്വൽ അവധിയിൽ അല്ലാതെ ജോലിക്കു ഹാജരാകാതിരുന്നാലോ മറ്റ് ലീവിന് അപേക്ഷിച്ചാലോ അവരുടെ ബാക്കിയുള്ള സർവ്വീസ് അവസാനിപ്പിക്കേണ്ടതാണ്. ഈ ചട്ടത്തിൽനിന്ന് ഇളവ് നൽകിക്കൊണ്ട് സമരത്തിൽ പങ്കെടുത്ത സൂപ്പറാനുവേഷൻ കഴിഞ്ഞവരുടെ സേവനം ഈ കാരണംകൊണ്ടുമാത്രം അവസാനിപ്പിക്കേണ്ടതില്ല.

GCPT. 3/349/2013/DTP.

(സി) സമരാനുകൂലികളുടെ അക്രമങ്ങൾക്കിരയായി സാരമായി പരിക്കേറ്റവർക്ക്, ഓരോ കേസിന്റേയും സാഹചര്യങ്ങൾ നോക്കി ആവശ്യമായ ചികിത്സാസഹായം സർക്കാർ തലത്തിൽ അനുവദിക്കുന്നതാണ്.

ബന്ധപ്പെട്ട വകുപ്പുകൾ മേൽപ്പറഞ്ഞ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,

*സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും/ജില്ലാ കളക്ടർമാർക്കും.

ഡയറക്ടർ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്.

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

ഗവർണറുടെ സെക്രട്ടറി.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർക്ക്.

സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.

സഞ്ചിത ഫയൽ, ഓഫീസ് കോപ്പി.